II. അടിയന്തിരപ്രമേയം

പുവത്തൂർ സ്വദേശി രജീഷിന്റെ കൊലപാതകം

മി. ഡെപ്യൂട്ടി സ്പീക്കർ : ഇന്നലെ രാത്രി 9 മണിക്ക് നെടുമങ്ങാട് കല്ലമ്പാറ ജംഗ്ഷനിലൂടെ ബൈക്കിൽ യാത്ര ചെയ്യുകയായിരുന്ന 30 വയസ്സുള്ള രജീഷ് എന്ന യുവാവിനെ കാറിൽ പിൻതുടർന്നുവന്ന അജ്ഞാത സംഘം മാരകമായി വെട്ടിയും കുത്തിയും കൊലപ്പെടുത്തിയിരിക്കുന്നു. ദിനംപ്രതി കൊലപാതകങ്ങളും കവർച്ചയും മോഷണവും നടത്തുന്ന മാഫിയ സംഘങ്ങളുടെ വാഴ്ചമൂലം തിരുവനന്തപുരത്തും മറ്റു പ്രദേശങ്ങളിലും വീടുകളിൽ കിടന്നുറങ്ങാൻ കഴിയാത്ത വിധം ജീവനും സ്വത്തിനും രക്ഷ ഇല്ലാതെയായിരിക്കുന്നു. അത്യന്തം ഗുരുതരവും സംഭ്രമജനകവുമായ സ്ഥിതി വിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് അടിയന്തിരമായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. മാങ്കോട് രാധാകൃഷ്ണൻ, കെ. രാധാകൃഷ്ണൻ, എ. എ. അസീസ്, വി. സി. കബീർ, എ. സി. ഷൺമുഖദാസ്, ഡോ. എ. നീലലോഹിതദാസൻ നാടാർ, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നല്കിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, തിരുവനന്തപുരം നെടുമങ്ങാട് കല്ലമ്പാറ വച്ച് മോട്ടോർ ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന പുവത്തൂർ അമ്പലത്തോട്ടത്തു വീട്ടിൽ രജീഷിനെ ഏതാനും പേർ ചേർന്ന് 4-7-2004-ന് രാത്രി 9.30 മണിയോടുകൂടി വെട്ടിയും അടിച്ചും പരുക്കേല്പിച്ചു. ഗുരുതരമായി പരിക്കേറ്റ രജീഷ് സംഭവ സ്ഥലത്തുതന്നെ മരണപ്പെട്ടു. ഈ കാര്യത്തിന് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ാം വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകൾ ചേർത്ത് 412/2004-ാം നമ്പരായി നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് മൃതദേഹം നെടുമങ്ങാട് താലൂക്ക് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിട്ടുണ്ട്. സംഭവം അറിഞ്ഞ ഉടൻതന്നെ പ്രതികൾക്കു വേണ്ടി പോലീസ് ഊർജ്ജിതമായ തിരച്ചിൽ നടത്തുകയും പുലർച്ചെ 4.30 മണിയോടുകൂടി പ്രതികളിൽപ്പെട്ട പത്തു പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി അവരെ ഇന്ന് കോടതിയിൽ ഹാജരാക്കുന്നതാണ്. 18-9-2003-ൽ ചിറമുക്കിൽവച്ച് റാഫി, ഷഫീർ, സജീർ എന്നിവരെ രജീഷ് വെട്ടിയും മറ്റും പരുക്കേല്പിച്ചതിന് വട്ടപ്പാറ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും രജീഷിനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. ജയിലിൽ നിന്നും ഒന്നര മാസം മുമ്പ് പുറത്തിറങ്ങിയ രജീഷിനോടുള്ള വൈരാഗ്യം കൊണ്ടാണ് റാഫി ഉൾപ്പടെയുള്ളവർ രജീഷിനെ കൊലപ്പെടുത്തിയിട്ടുള്ളത്. ഏതായാലും ഈ കേസിലെ പത്ത് പ്രതികളെ അറസ്റ്റ് ചെയ്തു. അവരെ ഇന്ന് കോടതിയിൽ ഹാജരാക്കുന്നുണ്ട്. ഇതാണ് ഇതു സംബന്ധിച്ച് സഭയെ അറിയിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ പുവത്തൂർ സ്വദേശിയായ മുപ്പതു വയസ്സുള്ള രജീഷിനെ ഇന്നലെ രാത്രി 9.30 മണിയോടുകൂടി അദ്ദേഹം പാലോടു നിന്ന് നെടുമങ്ങാട്ടേയ്ക്ക് വരുന്ന വഴിക്ക് ഏതാണ്ട് നെടുമങ്ങാടിന് രണ്ടു കിലോമീറ്റർ അപ്പുറത്തു വച്ചുതന്നെ രണ്ടു കാറുകളിലായി എത്തിയ അക്രമി സംഘം പിൻതുടരുകയായിരുന്നു. നെടുമങ്ങാട് പോലീസ് സ്റ്റേഷന് ഏതാണ്ട് അര കിലോമീറ്റർ മാത്രം അപ്പുറത്തുള്ള കല്ലമ്പാറയിൽ എത്തിയപ്പോൾ രണ്ടു കാറുകളിൽ നിന്നുള്ള അക്രമി സംഘം രജീഷിന്റെ നേരെ ആയുധങ്ങളുമായി ആക്രമണം നടത്തി. രജീഷിന്റെ ദേഹം മുഴുവൻ മുറിവാണ്. തലച്ചോറ് ചിന്നിച്ചിതറിയ നിലയിലാണ്. അതുപോലെതന്നെ കഴുത്ത് അറ്റു പോയിരിക്കുകയാണ്. മാരകമായിട്ടുള്ള ആക്രമണമാണ് രജീഷിനു നേരെ പോലീസ് സ്റ്റേഷന് അര കിലോമീറ്റർ മാത്രം അപ്പുറത്തു വച്ച് നടന്നത്. അതുപോലെ തന്നെ തിരുവനന്തപുരം ജില്ലയിൽ അടിക്കടി ഇത്തരം സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കവർച്ചയും ഗുണ്ടാ സംഘങ്ങളും തിരുവനന്തപുരം ജില്ലയിൽ അഴിഞ്ഞാടിക്കൊണ്ടിരിക്കുകയാണ്. രണ്ടു ദിവസം മുമ്പാണ് സെക്രട്ടേറിയറ്റിന് രണ്ടു കിലോമീറ്റർ അപ്പുറത്തുള്ള എൽ.ഐ.സി.-യുടെ ഓവർ ബ്രിഡ്ജ് ബ്രാഞ്ചിൽ പട്ടാപ്പകൽ ഏഴര ലക്ഷത്തോളം രൂപ കവർന്നു കൊണ്ടു പോയത്. രണ്ടു ദിവസമേ ആയിട്ടുള്ളൂ. ഗുണ്ടാ മാഫിയാ സംഘങ്ങളും കവർച്ച സംഘങ്ങളും തിരുവനന്തപുരത്ത് ഓഫീസ് എടുത്ത് പ്രവർത്തിക്കുന്നുണ്ട്. മുഖ്യമന്ത്രി തന്നെ ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനം നേരിട്ടു കണ്ടതാണ്. തിരുവനന്തപുരത്ത് കോൺഗ്രസിന്റെ എക്സിക്യൂട്ടീവ് യോഗം നടക്കുന്ന അവസരത്തിൽ ഒരു സംഘം ഗുണ്ടകൾ മുഖ്യമന്ത്രി നോക്കിയിരിക്കെ, മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ആക്രമണം നടത്തി. ആക്രമണ പരമ്പര തുടരുകയാണ്. മുഖ്യമന്ത്രി തന്നെ കാറിൽ പോയപ്പോൾ കാറിനു മുന്നിലിട്ട് ഒരു ചെറുപ്പക്കാരനെ മാരകമായി വെട്ടി പരിക്കേല്പിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇത്തരത്തിലുള്ള ആക്രമണ സംഭവങ്ങൾ നടക്കുകയാണ്. തിരുവഞ്ചൂരിന് അടുത്ത് വൃദ്ധ ദമ്പതികളെ കവർച്ചാ സംഘം കൊലചെയ്ത് കവർച്ച നടത്തി. തൃശൂർ ജില്ലയിൽ ഒരുപാട് സംഭവങ്ങളുണ്ടായി. തിരുവനന്തപുരം ജില്ലയിൽ ഭയത്തോടുകൂടിയല്ലാതെ ജനങ്ങൾക്ക് കിടന്നുറങ്ങുവാൻ കഴിയാത്ത സ്ഥിതി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾക്ക് സ്വസ്ഥമായി കിടന്ന് ഉറങ്ങാൻ കഴിയുന്നില്ല. കവർച്ചകൾ വ്യാപകമായി നടക്കുകയാണ്. മോഷണ സംഘം വർദ്ധിക്കുകയാണ്. ആക്രമണ പരമ്പര നടക്കുകയാണ്. എല്ലാ ജില്ലകളിലും ആക്രമണം വ്യാപിപ്പിച്ചിരിക്കുകയാണ്. സർക്കാർ ഉദ്യോഗസ്ഥയായ ഒരു വനിത തിരുവനന്തപുരം സിറ്റിയിലൂടെ നടന്നു പോയപ്പോൾ ബാഗ് പിടിച്ചു പറിച്ചുകൊണ്ടു പോയി. കവർച്ചാ സംഘം മറ്റൊരു സംസ്ഥാന ഉദ്യോഗസ്ഥന്റെ കയ്യിൽനിന്നും എഴുപത്തിയയ്യായിരം രൂപ തിരുവനന്തപുരത്തുവച്ച് തന്നെ കവർന്നെടുക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലും കേരളത്തിലും മാഫിയാ സംഘങ്ങളും ഗുണ്ടാ സംഘങ്ങളും അഴിഞ്ഞാടുകയാണ്. ഇവിടെ ജനങ്ങൾക്ക് സ്വസ്ഥമായി ജീവിക്കുവാൻ കഴിയുന്നില്ല. നെടുമങ്ങാടും പരിസര പ്രദേശങ്ങളിലുമുള്ളവർ ഈ കൊലപാതക സംഭവത്തോടുകൂടി ഭയവിഹ്വലരായിരിക്കുകയാണ്; ജനങ്ങളാകെ ഭീതിയിലാണ്. സംസ്ഥാനം ആകമാനം ഗുണ്ടാ മാഫിയാ സംഘങ്ങളുടെ പിടിയിൽ അമർന്നിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അത്യന്തം ഗുരുതരമായ ഒരു സ്ഥിതി വിശേഷമാണ് സംസ്ഥാനത്താകെ ഉണ്ടായിട്ടുള്ളത്. ഇത്രയും ഗുരുതരമായ സ്ഥിതി വിശേഷമുണ്ടായിട്ടും ഇതിനെ സംബന്ധിച്ച് ഈ ഗുണ്ടാ സംഘത്തെയും മാഫിയാ സംഘത്തെയും അമർച്ച ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കാതെ ലാഘവ ബുദ്ധിയോടുകൂടിയാണ് മുഖ്യമന്ത്രി ഈ സംഭവത്തെ നോക്കി കാണുന്നത്. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തി വയ്ക്കാനും കേരളത്തിന്റെ വിവിധ ജില്ലകളിൽ ഉയർന്നു വന്നിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ സംബന്ധിച്ച് മെമ്പർമാർക്ക് പറയാനുള്ളത് കേൾക്കുവാനുമുള്ള അവസരം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ.എ.കെ.ആന്റണി: ബഹുമാനപ്പെട്ട മെമ്പറോട് ഞാൻ ലാഘവ ബുദ്ധിയോടെ മറുപടി പറഞ്ഞു എന്നു പറഞ്ഞത് വളരെ കഷ്ടമായിപ്പോയി. രജീഷിനെ കൊലപ്പെടുത്തിയതെന്ന് ഇവിടെ ഉന്നയിച്ച വിഷയത്തിൽ പത്തു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മാത്രമല്ല, ഇത് പൂർവ വൈരാഗ്യത്തിന്റെ ഭാഗമാണെന്ന് ഞാൻ പറഞ്ഞു. ..... (ബഹളം) ..... (ബഹളം) .....ബാക്കി കൂടി കേൾക്കുക..... പൂർവ്വ വൈരാഗ്യത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തതാണ്. രജീഷ് നേരത്തേ ആക്രമിച്ച് പരുക്കേല്പിച്ച പ്രതികൾ അവരുടെ വൈരാഗ്യം തീർത്തതാണ്. പക്ഷേ അതിന് നിയമം കയ്യിലെടുക്കുവാൻ ആർക്കും അധികാരമില്ല. മറ്റൊരു കാര്യം കൂടി. രജീഷിനെ കുറിച്ചു കൂടി മനസ്സിലാക്കിയിരിക്കണം. മരിച്ച രജീഷിന്റെ പേരിൽ പതിനാല് വയസ്സുള്ള പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയി പീഡിപ്പിച്ച ഒരു കേസും 18-9-2003-ൽ ഏതാനും പേരെ വെട്ടി പരുക്കേൽപ്പിച്ചതിന് ഇന്ത്യൻ ശിക്ഷാ നിയമം 107-ാം വകുപ്പ് പ്രകാരവും ആംസ് ആക്ട് പ്രകാരം ഒരു കേസും 11-9-2003-ൽ സുരേഷ്കുമാർ എന്നയാളിന്റെ ബൈക്ക് തീവെച്ച് നശിപ്പിച്ചതിലേതുൾപ്പെടെ വട്ടപ്പാറ പോലീസ് സ്റ്റേഷനിൽ നാലു കേസുകളും കൂടാതെ നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ ഒരു കേസും നിലവിലുണ്ട്. വട്ടപ്പാറ പോലീസ് സ്റ്റേഷനിൽ റൗഡി ഹിസ്റ്ററി ഷീറ്റിൽ അദ്ദേഹത്തിന്റെ പേരുണ്ട്. കൊലപാതകം ആരു ചെയ്താലും തെറ്റാണ്. ആരെ കൊലപ്പെടുത്തിയാലും തെറ്റാണ്. പക്ഷേ രജീഷിന്റെ പേരിലുള്ള റെക്കോർഡുകളാണ് ഞാൻ പറയുന്നത്. ഈ കേസ് ആണ് നിങ്ങളിവിടെ ഉന്നയിച്ചിട്ടുള്ളത്. അറിഞ്ഞിരിക്കുവാൻ വേണ്ടി പറഞ്ഞതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഗുരുതരമായ സ്ഥിതിവിശേഷം നിലവിലില്ലെന്ന് കാണുന്നതിനാൽ അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly